(3) <u>തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നടത്തിയ പരാമർശം സംബന്ധിച്ച്</u>

2018 മാർച്ച് മാസം 13-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പായി, 12-03-2018-ന് ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞ അവസരത്തിൽ, നിയമസഭയിൽ നിരുത്തരവാദപരമായ പ്രസ്താവനകൾ നടത്താൻ പാടില്ലെന്നിരിക്കെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനെ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞ് ആക്ഷേപിക്കുകയുണ്ടായിയെന്നും 1948-ൽ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തതും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും പാർലമെന്റിലും ജനപ്രതിനിധികളുണ്ടായിരുന്നതുമായ ഒരു പാർട്ടിയെ അധിക്ഷേപിക്കുന്ന വിധത്തിൽ 44 കൊലപാതകങ്ങൾ നടത്തിയെന്ന് പറയുന്നത് അടിസ്ഥാനരഹിതമായതിനാൽ ഇതുസംബന്ധിച്ച് നിയമപരമായ രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനും ഈ വിഷയവുമായി ബന്ധപ്പെട്ട സഭാനടപടികളുടെ പ്രസക്ത ഭാഗങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യുന്നതിനും ചെയറിന്റെ റൂളിംഗ് ഉണ്ടാകണമെന്നും ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

സഭയിൽ പരിഗണിക്കപ്പെടുന്ന വിഷയവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ പ്രസ്തുത ക്രമപ്രശ്നം ഉന്നയിക്കുന്നതിന്റെ ഉദ്ദേശ്യം ചോദ്യം ചെയ്യപ്പെടേണ്ടതാണെന്ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട സ്പീക്കർ ക്രമപ്രശ്നം അനുവദിച്ചതിനെ എതിർക്കുന്നത് കീഴ്‌വഴക്കങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് പ്രതിപക്ഷ നേതാവും അഭിപ്രായപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

" ഇതേ വിഷയം ഇന്നലെ ശ്രീ. എം. ഉമ്മർ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ സത്യവിരുദ്ധവും വസ്തുതാവിരുദ്ധവുമായ കാര്യങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നീക്കം ചെയ്യുന്നതാണെന്ന് ചെയർ റൂളിംഗ് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റൂളിംഗ് ചെയർ വീണ്ടും ആവർത്തിക്കുകയാണ്. സഭയിൽ നടക്കുന്ന പ്രസംഗങ്ങളും അതിന്റെ ഉള്ളടക്കവും രാഷ്ട്രീയ ആരോപണങ്ങളും പ്രത്യാരോപണങ്ങളും സംബന്ധിച്ച് ചെയർ പരിശോധിച്ച് സത്യാവസ്ഥ

---

* XIV KLA X Session Vol. No. 171/No. 10 dated 13.03.2018

നിർണ്ണയിക്കണമെന്ന് പറയുന്നത് സാധ്യമായ കാര്യമല്ല. സത്യവിരുദ്ധമായ കാര്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ”